**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1908** **12-09-2023 - ൽ മറുപടിയ്ക്ക്**

**കുന്ദമംഗലത്ത് അസാപ് കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കുന്ദമംഗലത്ത് വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അസാപ് (അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കുന്ദമംഗലത്തെ 1.5 ഏക്കർ ഭൂമി ഉൾപ്പടെ കോഴിക്കോട് ജില്ലയിലെ വിവിധ സ്ഥലങ്ങൾ ഡിസ്ട്രിക്ട് സ്കിൽപാർക്ക് സ്ഥാപിക്കുന്നതിനായി പരിഗണിക്കുകയും ഇപ്പോൾ കോഴിക്കോട് ജില്ലയിലെ ചാലിയത്ത് സ്കിൽപാർക്കിന് അനുയോജ്യമായ സ്ഥലം ലഭിക്കുകയും ഉണ്ടായി. പ്രസ്തുത സ്ഥലത്ത് സ്കിൽപാർക്ക് നിർമ്മിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്ന് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടില്ല. |

സെക്ഷൻ ഓഫീസർ